## പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1891 — 22/03/2012 - ൽ മറുപടിക്ക്

## ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
| (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചു നടപ്പാക്കിവരുന്ന പദ്ധതിയാണ് 'മത്സ്യകേരളം' പദ്ധതി. ഇതിന്റെ ഭാഗമായി ഓരുജലത്തിലും ശുദ്ധജലത്തിലുമായി വിവിധ ഇനം മത്സ്യകൃഷി നടന്നുവരുന്നു. കരിമീനിന്റെ ഉത്പാദന വർദ്ധനവിനായി 'കരിമീൻ വർഷം' പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ 'ആർ.കെ.വി.വൈ. മത്സ്യകേരളം' പദ്ധതിയുടെ ഭാഗമായി ഓരുജല ചെമ്മീൻ കൃഷി നടന്നു വരുന്നു.<br><br>ഉൾനാടൻ മത്സ്യോത്പാദന വർദ്ധനവിനായി 2012-15 കാലയളവിലേയ്ക്ക് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് 'മത്സ്യസമൃദ്ധി'. ഈ പദ്ധതിയിലൂടെ |

മൂന്നു വർഷംകൊണ്ട് ഉൾനാടൻ മത്സ്യോത്പാദനം 3 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഉൾനാടൻ മത്സ്യമേഖലയിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ എല്ലാ ജില്ലകളിലേയും പൊതു ജലാശയങ്ങളിലും അഴിമുഖങ്ങളിലും ജലസംഭരണികളിലും മത്സ്യവിത്തു നിക്ഷേപിക്കുന്ന സാമൂഹ്യ മത്സ്യ കൃഷി പദ്ധതികളും, സീറാഞ്ചിംഗ് പദ്ധതികളും നടപ്പാക്കി വരുന്നു. ഊന്നിവല, ചീനവല നിയന്ത്രണം, ബാക്ക് വാട്ടർ പട്രോളിംഗ്, അനധികൃത മത്സ്യബന്ധനം തടയൽ തുടങ്ങിയവയിലൂടെ മത്സ്യസമ്പത്തിന്റെ ക്രമാതീതമായ ചൂഷണം നിയന്ത്രിച്ചു വരുന്നു. കണ്ടൽ വനവൽക്കരണത്തിലൂടെയും മത്സ്യസമ്പത്തു വർദ്ധിപ്പിക്കുന്നു.

അഡാക്ക് മുഖേന കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷിക്കു ശേഷം മത്സ്യകൃഷി നടത്തുന്നു. ഒരു നെല്ലും ഒരുമീനും പദ്ധതിയും കോൾ നിലങ്ങളിൽ ആറ്റുകൊഞ്ചു കൃഷിയും നടപ്പാക്കി വരുന്നു. NFDB ധനസഹായത്തോടെ മത്സ്യ/ആറ്റുകൊഞ്ചു കൃഷി തെരഞ്ഞെടുക്കപ്പെട്ട റിസർവോയറുകളിൽ നടപ്പാക്കി വരുന്നു.

| | |
|---|---|
| | മത്സ്യവിത്ത് നിക്ഷേപിച്ചിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം 2010-11-ൽ 5 ലക്ഷം മത്സ്യവിത്തും 2011-12-ൽ 2.17 ലക്ഷം മത്സ്യവിത്തും 14,000 ആറ്റു കൊഞ്ച് വിത്തും നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. മേൽ പദ്ധതികളുടെ ഭാഗമായി ജില്ലയിലെ ജലസ്രോതസ്സുകളിൽ മത്സ്യ സമ്പത്ത് ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുള്ളതായി ഇതിനകം പ്രമുഖ പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) ജില്ലയ്ക്കനുവദിച്ച മത്സ്യവിത്തുല്പാദനകേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ; | (സി) & (ഡി) വയനാട് ജില്ലയിൽ, വൈത്തിരി പഞ്ചായത്തിൽ, ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 1.65 ഏക്കർ സ്ഥലത്ത് പ്രതിവർഷം 5 ലക്ഷം മത്സ്യ വിത്ത് ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ഒരു മത്സ്യവിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന് 1999-ൽ 25 ലക്ഷം രൂപ അനുവദിക്കപ്പെട്ടിരുന്നു. പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിരുന്നുവെങ്കിലും, മേൽ സ്ഥലം കളിസ്ഥലമായി ലഭിക്കണമെന്ന ആവശ്യവുമായി പരിസരവാസികളായ ചിലർ തടസ്സം സൃഷ്ടിച്ചതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. പലവട്ടം ചർച്ചകൾ നടത്തിയെങ്കിലും തീരുമാനമാകാതെ പോയ ഈ പ്രശ്നം ഏറ്റവും ഒടുവിൽ ജില്ലാ ഭരണാധികാരികളുടെ നേതൃത്വത്തിൽ 12/01/2012-ന് പ്രദേശവാസികളുമായി നടത്തിയ ചർച്ചയിൽ |

[illegible]
രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ജില്ലയിലെ മത്സ്യകർഷകർക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനായി ഹാച്ചറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

സെക്ഷൻ ഓഫീസർ